## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: T 4192 17/05/2017-ൽ മറുപടിക്ക്

## വാഹനങ്ങൾ മൂലമുണ്ടാകുന്ന പരിസ്ഥിതി മലിനീകരണം കുറയ്ക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റ്റി.വി.രാജേഷ്** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| കെ.എസ്.ആർ.ടി.സി ബസ്സുകൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ മൂലമുണ്ടാകുന്ന പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | നിലവിൽ 1989 ലെ കേന്ദ്ര മോട്ടോർവാഹന ചട്ടം 115 പ്രകാരം ഒരു വർഷത്തിലധികം പഴക്കമുള്ള എല്ലാ വാഹനങ്ങൾക്കും ആറുമാസത്തിലൊരിക്കൽ അംഗീകൃത പുകപരിശോധനാ കേന്ദ്രങ്ങളിൽ പരിശോധിച്ച് മലിനീകരണത്തോത് നിയന്ത്രണ വിധേയമാണ് എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ആവശ്യമാണ്. സ്വകാര്യ മേഖലയിലെ ഇത്തരം കേന്ദ്രങ്ങളിൽ നിയമ വിരുദ്ധമായും ശരിയായ വാഹന പരിശോധന കൂടാതെയും സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ട് എന്ന പരാതി ഉയർന്ന സാഹചര്യത്തിൽ കേന്ദ്രീകൃത സംവിധാനത്തിലൂടെ ഇത്തരം സർട്ടിഫിക്കറ്റുകൾ നൽകാനുള്ള നടപടികൾ വകുപ്പ് കെൽട്രോണുമായി ചേർന്ന് ആരംഭിച്ചിട്ടുണ്ട്. കൂടാതെ 01.04.2017 മുതൽ ബിഎസ്-നാല് നിലവാരത്തിലുള്ള വാഹനങ്ങൾ മാത്രമേ പുതിയതായി വിൽക്കാനോ രജിസ്റ്റർ ചെയ്യുവാനോ പാടുള്ളൂ എന്ന് ബഹു. സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്. ഇത്തരം വാഹനങ്ങളിലെ മലിനീകരണത്തോത് മറ്റ് |

| | |
|---|---|
| | വാഹനങ്ങളുമായി താരതമ്യം ചെയ്താൽ ഏതാണ്ട് 80 ശതമാനത്തോളം കുറവാണെന്നാണ് കരുതുന്നത്. കൂടാതെ അന്തരീക്ഷമലിനീകരണം കുറവായ എൽ.എൻ.ജി, സി.എൻ.ജി മുതലായ ഇന്ധനങ്ങൾ ഉപയോഗിക്കുന്നതും ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ